(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു:

1. സംസ്ഥാനത്തെ എല്ലാ കർഷകരുടെയും, അവരുടെ കൃഷിയെ കുറിച്ചുമുള്ള ഡേറ്റാബേസ് തയ്യാറാക്കുക.
2. കാർഷിക വികസന സമിതികൾ കാര്യക്ഷമമാക്കുക.
3. കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തുക.
4. എല്ലാ കൃഷിഭവനുകളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുക.

(ബി) വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനും ഡേറ്റാബേസ് പ്രയോജനകരമായിത്തീരും. പദ്ധതികളുടെ നടത്തിപ്പ് കർമ്മപദ്ധതിയിലൂടെ മെച്ചപ്പെടുമെന്ന് കരുതുന്നു.

(സി) ഡേറ്റാബേസ് സംബന്ധിച്ച നടപടി പുരോഗമിച്ചുവരുന്നുണ്ട്. ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴി നൽകുന്ന പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. ലീഡ്സ്, ആത്മ പദ്ധതികളിലൂടെ വിജ്ഞാനവ്യാപന പരിപാടിയും മികച്ച രീതിയിൽ നടന്നുവരുന്നുണ്ട്.

**കൃഷിവകുപ്പിന് കേന്ദ്രവിഹിതമായി ലഭിച്ച തുക**

180 (3386) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തികവർഷവും കൃഷിവകുപ്പിന് കേന്ദ്രവിഹിതമായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കൃഷിവകുപ്പിന്റെ കീഴിലുള്ള വിവിധങ്ങളായ പദ്ധതി പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാർ വിഹിതത്തോടൊപ്പം സംസ്ഥാന സർക്കാരിന്റെ വിഹിതവും ചേർത്ത് ഓരോ സാമ്പത്തിക വർഷവും വിനിയോഗിച്ച തുക എത്രയെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്ന 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ കൃഷി ഡയറക്ടർ മുഖേന വിവിധ കേന്ദ്ര പദ്ധതികൾക്കായി കേന്ദ്ര വിഹിതമായി ലഭിച്ച തുകയും അതാത് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന വിഹിതം ഉൾപ്പെടെ കേന്ദ്ര പദ്ധതികൾക്കായി വിനിയോഗിച്ച തുകയുടെയും സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ, ദേശീയ ഔഷധ സസ്യമിഷൻ എന്നീ പദ്ധതികൾക്കായി കേന്ദ്രവിഹിതമായി ലഭിച്ച തുകയും അതാത് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന വിഹിതം ഉൾപ്പെടെ കേന്ദ്ര പദ്ധതികൾക്കായി വിനിയോഗിച്ച തുകയുടെയും വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

**നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

181 (3387) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ബി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ പ്രകാരം എത്ര രൂപ ചെലവഴിച്ചു വിശദാംശം വ്യക്തമാക്കുമോ;

(സി) വിവിധ പദ്ധതികൾ മുഖേന വൻതുക ചെലവഴിച്ചിട്ടും നെല്ലുല്പാദനത്തിൽ വർദ്ധനവ് വരാത്തത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൃഷിവകുപ്പ് മുഖാന്തരം താഴെപ്പറയുന്ന നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly